# വ്യവസായ അറ്റ്ലസ് പാലക്കാടിന് ആശ്വാസമാകുമോ?

**പ്രസാദ്. ഐ. ആർ**

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പ്രസിദ്ധീകരിച്ച വ്യവസായ അറ്റ്ലസ് പാലക്കാട്ടെ കർഷകർക്കും പരിസ്ഥിതി പ്രവർത്തകർക്കും ആശ്വാസമാകുന്നു.

പാലക്കാട്ടെ വ്യവസായശാലകൾ മിക്കതും പരിസ്ഥിതി മലിനീകരണമുണ്ടാക്കുന്നതാണെന്നും ഇത്തരം വ്യവസായങ്ങൾക്കു മേലിൽ അനുമതി നൽകരുതെന്നുമാണ് ബോർഡ് നിർദ്ദേശിക്കുന്നത്. ഗ്രാമീണ-കുടിൽ വ്യവസായങ്ങൾ മാത്രമാണ് പാലക്കാടിന് അനുഗുണമെന്നാണ് അറ്റ്ലസ് വ്യക്തമാക്കുന്നത്. പാലക്കാടിനെ മലിനീകരിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ഇരുമ്പുരുക്കു വ്യവസായങ്ങളെ കുറിച്ച് കേരളീയം നേരത്തെ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഈ വ്യവസായം കേരളത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾക്കു വിരുദ്ധമാണെന്ന് പ്ലാനിങ്ങ് ബോർഡ് വ്യക്തമാക്കിയതാണ്. വൈദ്യുതി ഉപഭോഗം കൂടുതലാണെന്നതും മൂലധനനിക്ഷേപകരും തൊഴിലാളികളും തദ്ദേശിയരല്ല എന്നതുമായിരുന്നു പ്ലാനിങ്ങ് ബോർഡിന്റെ വിമർശനത്തിന് അടിസ്ഥാനം.

വ്യവസായികൾ മാത്രമല്ല ട്രേഡ് യൂണിയനുകളും വൻകിട മാധ്യമങ്ങളും അറ്റ്ലസ്സിലെ നിർദ്ദേശങ്ങളെ പുച്ഛത്തോടെയാണ് വീക്ഷിക്കുന്നത്. പാലക്കാട് ഇനി ചൂൽ നിർമ്മാണം മാത്രമേ പാടൂ എന്ന് മലയാള മനോരമ പരിഹസിക്കുന്നു. പാലക്കാട് വ്യവസായങ്ങൾ പാടില്ലെന്നു പറയുന്നതിന്റെ കാരണം അവർ അറിഞ്ഞില്ലെന്നു നടിക്കുകയാണ്.

കൃഷിക്ക് ഉപയുക്തമായ പ്രദേശങ്ങളിൽ വൻകിടവ്യവസായങ്ങൾ അനുവദിക്കരുത് എന്നത് നമ്മുടെ ദേശീയ നയമാണ്. അതിനു വിരുദ്ധമായിട്ടാണ് നെല്ലറയിൽ വ്യവസായ യൂണിറ്റുകൾ സ്ഥാപിതമായത്. 1997ൽ മലിനീകരണ നിയന്ത്രണ ബോർഡു തന്നെ ഈ വ്യവസായങ്ങൾക്കു അനുമതി നൽകിയതാണ്. ബോർഡിന്റെ വീണ്ടുവിചാരത്തിന്റെ പിന്നിൽ ശക്തമായ ജനകീയ സമരങ്ങളും സമ്മർദ്ദങ്ങളുമാണെന്നത് കൊക്കക്കോളയ്ക്കെതിരായ സമരത്തിന്റെ പശ്ചാത്തലത്തിൽ പ്രതിരോധപ്രവർത്തകർക്ക് പ്രതീക്ഷക്ക് വക നൽകുന്നു.